ശ്രീ. ഇ. പി. പൗലോസ് : ലോൺ കൊടുത്തുതീർത്ത ആളുകൾക്ക് വീണ്ടും ലോൺ കിട്ടുന്നതിനു ബുദ്ധിമുട്ടുണ്ടാകുകയില്ല. അവർക്ക് ലോൺ കൊടുക്കുവാൻ വേണ്ട നിർദ്ദേശം കൊടുക്കുവാൻ പോകുന്നുണ്ടെന്നാണറിയുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെൻറിൽനിന്നു കഴിഞ്ഞകൊല്ലം ചില പ്രത്യേക തരത്തിലുള്ള നെല്ലു വിത്തുകൾ വിതരണം ചെയ്യുന്നതിനു ഉദ്ദേശിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്തുതോറും വിതരണംചെയ്യുന്നതിനു ഉദ്ദേശിച്ച വിത്തുകൾ കൃഷിയിറക്കേണ്ട കാലംകഴിഞ്ഞപ്പോഴാണു അവിടെ ചെന്നുചേർന്നതു്. അതിന്റെ ഫലമായി ഞാൻ ഉൾപ്പെട്ട പഞ്ചായത്തിൽ അനേകായിരംപറ വിത്തുകൾ കൃഷിക്കാർക്ക് കൊടുക്കാതെ ഉപയോഗശൂന്യമായി കിടപ്പുണ്ടു്. ഇങ്ങനെ എത്ര വിത്തു് ഉപയോഗശൂന്യമായി പോയിട്ടുണ്ടെന്നു് അന്വേഷിക്കുകയും അതുമൂലം എത്രമാത്രം നഷ്ടം ഗവണ്മെൻറിനു വന്നിട്ടുണ്ടെന്നു അന്വേഷിക്കുകയും ചെയ്യുന്നതിനു ദയവുണ്ടാകുമോ ? ഇങ്ങനെ ഉപയോഗശൂന്യമായി കിടക്കുന്ന വിത്തുകൾ ലേലം ചെയ്യുന്നതിനു ആവശ്യമായ നടപടിയെടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : അതിനെക്കുറിച്ചു് അന്വേഷിക്കുകയും ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഉഴവൂർ പഞ്ചായത്തിൽ പത്തു് അറുനൂറു് പറ വിത്തു് വെറുതെ കിടക്കുന്നുണ്ടു്. എന്തുകൊണ്ടാണു് ഇങ്ങനെ സംഭവിച്ചതെന്നു ഗവണ്മെൻറു അന്വേഷണം നടത്തുമോ ?

ശ്രീ. ഇ. പി. പൗലോസ് : അതിനെക്കുറിച്ചു് അന്വേഷിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : നെൽകൃഷിക്കു് സഹായം ചെയ്യുന്ന ഏർപ്പാടുകളാണു് പാക്കേജു് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. നെൽകൃഷി അല്ലാതെ കമുകു കൃഷി, തെങ്ങുകൃഷി മുതലായതു പാക്കേജു് പദ്ധതിയിൽ ഉൾപ്പെടുത്തി വേണ്ട സഹായം ചെയ്യുവാൻ ഗവണ്മെൻറു നടപടിയെടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ആലപ്പുഴയിലും പാലക്കാട്ടും ഉള്ള പാക്കേജു് പദ്ധതിയിൽ എല്ലാവിധ കൃഷിക്കും സഹായം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടു്. പക്ഷേ intensive paddy cultivation പദ്ധതികൾ മാത്രമേ മറ്റു ബ്ലാക്കുകളിൽ നടപ്പാക്കുന്നുള്ളൂ.

ശ്രീ. ഇ. പി. ഗോപാലൻ : വിളവു വർദ്ധനവിനെപ്പറ്റിയുള്ള കണക്കു് എങ്ങനെയാണു എടുക്കുന്നതെന്നു പറയാമോ ? പാക്കേജു് പദ്ധതിയിൽ മുടക്കിയിട്ടുള്ള പണത്തിന്റെ തോതനുസരിച്ചു വിളവു വർദ്ധന ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : 1963–64 വർഷത്തിൽ കിട്ടിയിട്ടുള്ള കണക്കാണു് ഇവിടെ പറഞ്ഞതു്. നിർദ്ദേശിച്ചിട്ടുള്ള ചെലവുകളായിരിക്കുകയില്ല കൃഷിക്കാർ ചെയ്തിട്ടുള്ളതു്. കൃഷിക്കാർ വിളവെടുത്തിട്ടുള്ളതിന്റെ ഫലമായിട്ടു് കിട്ടിയിട്ടുള്ള കണക്കാണിതു്.

ഇൻലൻഡ് നാവിഗേഷൻ

* 154. [9] ശ്രീ. പി. ആർ. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അടുത്ത വർഷത്തിൽ ഇൻലൻഡു് നാവിഗേഷൻ ഇനത്തിൽ ഏതെല്ലാം വക്കുകൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടു് ;

(ബി) ഒല്ലൂർ കണിമംഗലം തോട്ടം, കനോലി കനാലിൽനിന്നു കുന്നംകുളത്തേയ്ക്കു വെട്ടുന്ന തോട്ടം അടുത്തവർഷം ആരംഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) അടുത്ത വർഷത്തിൽ എടുക്കാൻ ഉദ്ദേശിക്കുന്ന വർക്കുകളുടെ ഒരു ലിസ്റ്റു തയ്യാറാക്കി വരുന്നതേയുള്ളൂ;

(ബി) ഒല്ലൂർ കണിമംഗലം തോടിന്റെ ജോലി ആരംഭിക്കുന്നതിനു് നടപടികൾ എടുത്തുവരികയാണു്. കനോലി കനാലിൽനിന്നു് കുന്നംകുളത്തേക്കു് തോടുവെട്ടുന്ന ജോലി മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ടി. എസ്സു്. കനാലിൽ മണ്ണുകയറുന്നതു തടയാനുള്ള നടപടി എടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ചില സ്ഥലങ്ങളിൽ ഇപ്പോൾത്തന്നെ അതു തടയുന്നതിനുള്ള പണി നടത്തുന്നുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വലിയ വള്ളങ്ങൾക്കുകൂടി പോകാൻ സൗകര്യമുണ്ടാകത്തക്കവിധത്തിൽ ഈ പണി നടത്തുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഏതു സ്ഥലത്തെ ഉദ്ദേശിച്ചാണു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെന്നു പറഞ്ഞാൽ അതിനെക്കുറിച്ചു നടപടി എടുക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വർക്കല തോടിനെ ഉദ്ദേശിച്ചാണു പറയുന്നതു്.

ശ്രീ. പി. പി. ഉമ്മർകോയ : അതു പരിശോധിക്കാം.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : കനോലി തോടിന്റെ വടക്കുഭാഗത്തു് വീതികൂട്ടുമ്പോൾ ആഴം കൂട്ടുന്ന ഭാഗത്തു് മണ്ണുവന്നു വീഴുന്നുണ്ടു്. അങ്ങനെ വീഴുന്ന മണ്ണു് അവിടെ നിന്നും നീക്കം ചെയ്യാൻ നടപടിയെടുക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ : അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. ആർ. സുഗതൻ :ചാവറത്തോട്ടിൽ ബോട്ടു ഓടുമ്പോൾ തോടിന്റെ ഇരുവശങ്ങളിൽ നിന്നും മണ്ണിടിഞ്ഞു വീഴുന്നുണ്ടു്. ആ മണ്ണു് നീക്കം ചെയ്യാത്തതുകൊണ്ടു് വഞ്ചി യാത്രക്കാർക്കു് വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ടു്. അതുകൊണ്ടു് ആ മണ്ണു് അവിടെ നിന്നും നീക്കം ചെയ്യുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ : അതിനെക്കുറിച്ചു അന്വേഷിക്കാം.

കാർഷികോല്പന്ന വിപണനത്തെ സംബന്ധിച്ച പഠനസംഘം

* 155. [11] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോല്പന്ന വിപണനത്തിൽ മദ്ധ്യവർത്തികൾ കൊള്ളലാഭം എടുക്കുന്നതു തടയാനുള്ള മാർഗ്ഗം ആരായാൻ സ്റ്റേറ്റു ഗവണ്മെന്റു വല്ല നടപടിയും എടുത്തിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം :

(ബി) ഇതു സംബന്ധിച്ചു് ഒരു പഠനസംഘത്തിന്റെ പ്രവർത്തനം സ്റ്റേറ്റിൽ നടത്തുന്നുണ്ടോ ;

(സി) ഈ പഠനസംഘം റോബസ്റ്റാകാപ്പിയുടെ വിലയെ സംബന്ധിച്ചുകൂടി അന്വേഷണം നടത്തുവാൻ നിർദ്ദേശിക്കാമോ ;

(ഡി) കാപ്പി ഒരു ടണ്ണിനു് ഉല്പാദകനു് 2,000 ഉറുപ്പിക മാത്രം കിട്ടുമ്പോൾ ഉപഭോക്താക്കൾ മുഖേന ടണ്ണിനു 5,000 ഉറുപ്പിക കൊടുക്കുന്നുവെന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) മദ്ധ്യവർത്തികൾ കൊള്ളലാഭം എടുക്കുന്നതു തടയാൻ മാർക്കറ്റിംഗു് സഹകരണസംഘങ്ങൾ സ്ഥാപിക്കുക, മാർക്കറ്റു നിലവാരത്തെക്കുറിച്ചും മറ്റുമുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുക, റഗുലേറ്റിംഗു് മാർക്കറ്റു സ്ഥാപിക്കുക മുതലായ നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly